**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5890** **16-03-2023 - ൽ മറുപടിയ്ക്ക്**

**പഴക്കമുള്ള വീടുകളുടെ ഓണർഷിപ്പ് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഞ്ച, നിലം, വയൽ എന്നീ തരം ഭൂമികളിൽ നിർമ്മിച്ച ധാരാളം വർഷം പഴക്കമുള്ള വീടുകളുടെ ഓണർഷിപ്പ് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച ഉടമസ്ഥാവകാശം മാറാനുള്ള അപേക്ഷ, എല്ലാ സംഗതിയിലും, അപേക്ഷ<br><br>ബോധിപ്പുക്കുന്ന കക്ഷിയോ കക്ഷികളോ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിൽ ഒപ്പ് വച്ചിരിക്കേണ്ടതും അപേക്ഷയോടൊപ്പം കൈമാറ്റമോ പിന്തുടച്ചയോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 23-ൽ വ്യവസ്ഥ ചെയ്യുന്നു . അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുടർനടപടികൾ സ്വീകരി ക്കേണ്ടതാണ്. |
| (ബി) | ഇത്തരം കെട്ടിടങ്ങളുടെ ഓണർഷിപ്പ് മാറ്റുന്നതിന് ഏതെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത്; ഭൂമിയുടെ പത്ത് ശതമാനം വില ഫീസ് അടച്ച് തരം മാറ്റിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർ ജ്ജും)ചട്ടങ്ങളിലെ, ചട്ടം 22 ഉപചട്ടം (2) പ്രകാരം അതത് സംഗതിപോലെ കൈമാറി കിട്ടുന്ന ആളോ അല്ലെങ്കിൽ ഉടമസ്ഥാവകാശം ലഭിക്കുന്ന ആളോ കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന ഏതൊരു രേഖയും സെക്രട്ടറി മുമ്പാകെ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 23 ഉപചട്ടം (1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി രജിസ്റ്ററിൽ കെട്ടിടത്തെ സംബന്ധിച്ച ഉടമസ്ഥാവകാശം മാറ്റാനുള്ള അപേക്ഷയോടൊപ്പം കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഒരു സിവിൽ കോടതി വിധിയുടമയുടേയോ സിവിൽ കോടതി വിധി നടത്തുമ്പോൾ നടത്തിയ ലേല വിൽപ്പനയിലൂടെ ലഭിച്ച ഒരാളുടെ പേരിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപെടുന്ന |

| | | | |
|---|---|---|---|
| | | | സംഗതിയിൽ, വിധിയുടമയോ ലേലത്തിലൂടെ ഉടമസ്ഥാവകാശം ലഭിച്ചയാളോ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷയോടൊപ്പം അതത് സംഗതി പോലെ വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, വിൽപ്പന സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ട താണ്. |
| (സി) | കെട്ടിടങ്ങളുടെ ഓണർഷിപ്പ് മാറ്റുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമാണോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർ ജ്ജും)ചട്ടങ്ങളിലെ, ചട്ടം 22 ഉപചട്ടം (2) പ്രകാരം അതത് സംഗതിപോലെ കൈമാറി കിട്ടുന്ന ആളോ അല്ലെങ്കിൽ ഉടമസ്ഥാവകാശം ലഭിക്കുന്ന ആളോ കൈമാറ്റമോ പിന്തുടർച്ചയോ തെളിയിക്കുന്ന ഏതൊരു രേഖയും സെക്രട്ടറി മുമ്പാകെ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. |
| (ഡി) | കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം, നഞ്ച, നിലം, വയൽ എന്നാണെങ്കിൽ ഓണർഷിപ്പ് മാറ്റി നൽകാൻ പാടില്ലെന്ന് ഉത്തരവുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ഇല്ല |
| (ഇ) | 2008 ന് ശേഷം വയൽ നികത്തി വീട് വയ്ക്കുന്നവർക്കും തണ്ണീർ തട സംരക്ഷണ നിയമം വരുന്നതിന് മുമ്പ് നിയമാനുസൃതം കെട്ടിടം നിർമ്മിച്ച് നമ്പർ അനുവദിച്ചവർക്കും നഞ്ച/ വയൽ എന്നീ തരം ഭൂമിയുടെ കാര്യത്തിൽ ഒരേ നിയമമാണോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ആക്ടിലെ വ്യവസ്ഥകൾ അതത് പോലെ ബാധകമായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ